## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 130 12.06.2019-ൽ മറുപടിയ്ക്ക്

## തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണത്തിന് മാർഗരേഖ

| ചോദ്യം<br>ശ്രീമതി യു. പ്രതിഭ<br>ശ്രീ.വി. കെ. സി. മമ്മത് കോയ<br>ശ്രീ. കെ.കുഞ്ഞിരാമൻ<br>ശ്രീ. വി. ജോയി | | മറുപടി<br><br>ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം കാര്യക്ഷമമായി വിനിയോഗിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണ നിർവഹണത്തിനായി വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ 2019 ലെ പാർലമെന്റ് പൊതുതെരഞ്ഞെടുപ്പ് മുന്നിൽകണ്ട് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികസനപദ്ധതികൾ കാലേക്കൂട്ടി തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 2018 സെപ്റ്റംബറിൽ തന്നെ സർക്കാർ നൽകിയിരുന്നു. അതനുസരിച്ച് സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ജനുവരി മാസത്തോടെ വാർഷിക പദ്ധതി തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതി അംഗീകാരത്തിന് സമർപ്പിച്ചു. 2019-20 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് വ്യക്തമായ മാർഗനിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനു പുറമേ 2019-20 വർഷത്തെ പദ്ധതി വിഹിതം കാര്യക്ഷമമായി വിനിയോഗിക്കുന്നതിന് പൊതു നിർദ്ദേശങ്ങൾ നൽകുന്നതിനായി ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ അദ്ധ്യക്ഷൻമാരുടെ മേഖലാതല യോഗങ്ങൾ നടത്തി വരുന്നു. |
| (ബി) | പദ്ധതി രൂപീകരണത്തിന് നഗരസഭകൾക്കും പഞ്ചായത്തുകൾക്കും പ്രത്യേകം മാർഗ്ഗരേഖ | (ബി) | ഉണ്ട്. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ 29.01.2018 ലെ സ.ഉ(കൈ)നം. 11/2018/തസ്വഭവ നമ്പർ ഉത്തരവായും |

<table>
<tr><td></td><td>തയ്യാറാക്കിയിട്ടുണ്ടോ;<br>വിശദമാക്കുമോ;</td><td></td><td>മുനിസിപ്പാലിറ്റികളുടേയും കോർപ്പറേഷനുകളുടേയും 02.02.2018 ലെ സ.ഉ(കൈ) നം.17/2018/തസ്വഭവ നമ്പർ ഉത്തരവായും പുറപ്പെടുവിച്ചിട്ടുണ്ട്.</td></tr>
<tr><td>(സി)</td><td>എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ആസൂത്രണ സമിതി രൂപീകരിച്ചിട്ടുണ്ടോ; ആനുകൂല്യങ്ങൾ ലഭിക്കുവാനുള്ള വരുമാന പരിധി ഉയർത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;</td><td>(സി)</td><td>സംസ്ഥാനത്തെ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളിലും ആസൂത്രണ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള വരുമാനപരിധി 14.02.2018-ലെ സ.ഉ(കൈ)നം.22/2018/തസ്വഭവ പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതനുസരിച്ച് പൊതുവിഭാഗത്തിൽപ്പെട്ട രണ്ട് ലക്ഷം രൂപവരെയും പട്ടികജാതി വിഭാഗത്തിൽപ്പെട്ട മൂന്ന് ലക്ഷം രൂപവരെയും കുടുംബവാർഷിക വരുമാനമുള്ളവർക്ക് ആനുകൂല്യങ്ങൾ നൽകാവുന്നതാണ്. പട്ടികവർഗ്ഗക്കാർക്ക് വരുമാനപരിധിയില്ല.<br>കാർഷിക മേഖലയിൽ എല്ലാ നാമമാത്ര – ചെറുകിട കർഷകർക്കും ആനുകൂല്യങ്ങൾ നൽകാം. മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യവികസനം എന്നീ മേഖലകളിൽ 5 ലക്ഷം രൂപയാണ് പരിധി. ലൈഫ് ഭവന പദ്ധതിപ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് വരുമാനപരിധി 3 ലക്ഷം രൂപയാണ്.</td></tr>
<tr><td>(ഡി)</td><td>നടപ്പുസാമ്പത്തിക വർഷം ഇതുവരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി തുകയുടെ എത്ര ശതമാനം ചെലവഴിച്ചിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?</td><td>(ഡി)</td><td>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2019-20 വാർഷിക പദ്ധതി പുരോഗതി റിപ്പോർട്ട് ചുവടെ ചേർക്കുന്നു.(06.06.2019 വരെ)<br>തദ്ദേശഭരണ സ്ഥാപനം തിരിച്ചുള്ള ചെലവ് വിവരം
<table>
<tr><td>ഗ്രാമപഞ്ചായത്ത്</td><td>3.41%</td></tr>
<tr><td>ബ്ലോക്ക് പഞ്ചായത്ത്</td><td>5.68%</td></tr>
<tr><td>ജില്ലാ പഞ്ചായത്ത്</td><td>8.16%</td></tr>
<tr><td>മുനിസിപ്പാലിറ്റി</td><td>4.34%</td></tr>
<tr><td>കോർപ്പറേഷൻ</td><td>4.71%</td></tr>
<tr><td>ആകെ</td><td>4.64%</td></tr>
</table>
പൊതു വിഭാഗം, SCSP, TSP യുടെ ചെലവ് ശതമാനം താഴെപ്പറയും പ്രകാരമാണ്.
<table>
<tr><td>ജനറൽ</td><td>SCSP</td><td>TSP</td></tr>
<tr><td>6.65%</td><td>5.91%</td><td>5.56%</td></tr>
</table>
</td></tr>
</table>

സെക്ഷൻ ഓഫീസർ